(ബി) പ്രായോഗികമായി സാധ്യമല്ല.

(സി-ഇ) സംസ്ഥാനത്ത് 74 പോലീസ് സ്റ്റേഷനുകൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തത്. ഇവയിൽ 11 എണ്ണത്തിന്റെ നിർമ്മാണം വിവിധ ഘട്ടത്തിലാണ്. ഈ വർഷം 12 പോലീസ് സ്റ്റേഷനുകൾക്കുവേണ്ടി കെട്ടിടം നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള പോലീസ് സ്റ്റേഷനുകൾക്കുവേണ്ടി സ്ഥലവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് സ്വന്തമായിട്ടുള്ള കെട്ടിടം നിർമ്മിക്കുന്നതാണ്.

ഗ്രാമീണ റോഡ് വികസനം

9(*39) ശ്രീ. എം. എ. വാഹീദ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ സംസ്ഥാനത്തെ ഗ്രാമീണ റോഡ് വികസനത്തിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പി.എം.ജി.എസ്.വൈ. പ്രകാരം ആകെ എത്ര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് അനുമതി നൽകിയത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി ആകെ എത്ര കോടി രൂപയാണ് കേന്ദ്ര സഹായമായി ലഭിച്ചത് ;

(സി) ഇതുവരെ ഇതിൽ എത്ര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനായി എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി കേന്ദ്ര ഗവൺമെന്റ് നൽകിയ ധനസഹായത്തിന്റെ എത്ര ശതമാനം തുക ചെലവഴിക്കാനായി ;

(ഇ) ഇപ്പോൾ ഈ പദ്ധതിയിൻകീഴിൽ എത്ര പുതിയ റോഡ് പ്രോജക്ടുകളാണ് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) കേന്ദ്രാവിഷ്കൃത പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്ര സഹായം യഥാസമയം ചെലവഴിക്കുന്നതിന് സമയബന്ധിതമായ ഒരു നടപടിക്രമത്തിന് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ജി) ഇതിനായി എത്ര കോടി രൂപ ധനസഹായമായി ലഭിക്കും?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1882.272 കി.മി. ദൈർഘ്യം വരുന്ന 742 റോഡുകൾക്ക് (780.94 കോടി രൂപയ്ക്കുള്ള പദ്ധതികൾ) കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർക്കാരിൽനിന്നും 366.36 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) 781.088 കി. മീ. ദൈർഘ്യം വരുന്ന 376 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) കേന്ദ്രസർക്കാരിൽ ലഭ്യമായ തുകയിൽ നിന്നും 361.46 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ലഭ്യമായ തുകയുടെ 98.66 ശതമാനമാണ്.

(ഇ) പുതിയ റോഡ് പ്രോജക്ടുകൾ ഒന്നുംതന്നെ കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടില്ല. എന്നാൽ 2008-09 സാമ്പത്തിക വർഷം 7-ാം ഘട്ടത്തിൽ 1,155 കി. മീ. ദൈർഘ്യം വരുന്ന 420 റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് 486.74 കോടി രൂപയുടെ വിശദമായ പോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും, ആയതിന് കേന്ദ്രതലത്തിലുള്ള എംപവേർഡ് കമ്മിറ്റി തത്വത്തിൽ അംഗീകരിക്കുവാനായി കേന്ദ്രസർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ 533.കി.മീ. ദൈർഘ്യം വരുന്ന പ്രവർത്തികൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകി. ഇതിന്റെ കരാർ ഉറപ്പിച്ച് വിശദാംശങ്ങൾ സമർപ്പിക്കുന്നതിന് അനുസൃതമായി ബാക്കി റോഡുകൾക്കുള്ള അനുമതി നൽകാമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്തു എങ്കിലും 524.436 കി.മീ. ദൈർഘ്യം വരുന്ന 221.18 കോടി രൂപയ്ക്കുള്ള 162 പ്രവർത്തികളുടെ കരാറാണ് ഉറപ്പിച്ചിട്ടുള്ളത്. ശേഷിക്കുന്ന 265.56 കോടി രൂപയുടെ 630.557 കി. മീ. ദൈർഘ്യം വരുന്ന 258 റോഡുകളുടെ നിർമ്മാണത്തിനുള്ള തുടർ അനുമതിയ്ക്കായി 10-7-2009-ന് കേന്ദ്രസർക്കാരിന് സമർപ്പിച്ചതിൽ, സെപ്തംബർ 2010-ൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് 2010 ഷെഡ്യൂൾ പ്രകാരം പുതുക്കി കേന്ദ്രസർക്കാരിന്റെ പുനർ അനുമതി നേടി ടെണ്ടർ ചെയ്യുന്നതാണ്.

(എഫ്) പി.എം.ജി.എസ്.വൈ. പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രസഹായം സമയബന്ധിതമായി ചെലവഴിക്കുന്നതിന് സർക്കാർ വിവിധങ്ങളായ നടപടിക്രമങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ജി) 2008-09 സാമ്പത്തിക വർഷം 7-ാം ഘട്ടത്തിലെ രണ്ടാം ബാച്ചായി സമർപ്പിച്ച 265.56 കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റ് 2010 ഷെഡ്യൂൾ പ്രകാരം പുതുക്കി നിശ്ചയിച്ചപ്പോൾ 332.72 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ തുകയ്ക്ക് കേന്ദ്രാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശബരിമല വികസനത്തെക്കുറിച്ചുള്ള നർശൻ ശങ്കർ റിപ്പോർട്ട്

10(*40) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. കെ. ബാബു:
ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly